ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.09.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഇന്ന് ദേശീയ അധ്യാപക ദിനം. ദേശീയ അധ്യാപക അവാർഡ് ജേതാക്കൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു പുരസ്കാരങ്ങൾ സമ്മാനിച്ചു.

   **Today is National Teachers' Day; President Droupadi Murmu confers National Teachers' Awards to the winners.**

2. വിദ്യാർത്ഥികളുടെ ജീവിതം രൂപപ്പെടുത്തുന്നതിനൊപ്പം അവരുടെ ബാല്യം സംരക്ഷിക്കുന്നതിലും അധ്യാപകർ സുപ്രധാന പങ്ക് വഹിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi highlights that teachers play a vital role in protecting childhood alongside shaping students' lives.**

3. ന്യൂഡൽഹിയിലെ ശ്രീറാം കോളേജ് ഓഫ് കൊമേഴ്സിന്റെ ശതാബ്ദി ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും.

   **Prime Minister Narendra Modi attends the centenary celebrations of Shri Ram College of Commerce in New Delhi today.**

4. ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയെ ഈ മാസം 26-ന് കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ അഭിസംബോധന ചെയ്യും.

   **Union External Affairs Minister S. Jaishankar addresses the United Nations General Assembly on the 26th of this month.**

5. നേപ്പാളിലെ പ്രളയബാധിത പ്രദേശത്തുനിന്ന് ഒരു കുട്ടി ഉൾപ്പെടെ മൂന്നുപേരെക്കൂടി രക്ഷപ്പെടുത്തിയതോടെ ആകെ

രക്ഷപ്പെടുത്തിയ ഇന്ത്യക്കാരുടെ എണ്ണം 169 ആയി. ദുരന്തത്തിൽ മരിച്ചവരുടെ ആകെ എണ്ണം 1,340 കടന്നു.

**Three more people, including a child, are rescued from flood-hit Nepal, bringing the total number of rescued Indians to 169; the death toll crosses 1,340.**

6. വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ പാകിസ്ഥാൻ പോരാട്ടം.

**India faces Pakistan today in the Women's T20 Asia Cup cricket match.**

# TEACHERS DAY

ഇന്ന് ദേശീയ അധ്യാപകദിനം. വിദ്യാഭ്യാസവിചക്ഷണനും തത്ത്വചിന്തകനും മുൻ രാഷ്ട്രപതിയുമായിരുന്നു ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മവാർഷിക മാണ് അധ്യാപക ദിനമായി ആചരിക്കുന്നത്. ഡൽഹിയിൽ നടന്ന ചടങ്ങിൽ ദേശീയ അധ്യാപക അവാർഡ് ജേതാക്കൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു പുരസ്കാരങ്ങൾ സമ്മാനിച്ചു.

രാജ്യത്തിന്റെ വികസനത്തിൽ അക്കാദമിക മികവ്, നൈപുണ്യ വികസനം, സംരംഭകത്വം എന്നിവയ്ക്ക് വലിയ പ്രാധാന്യമുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. ഇന്ത്യയെ ഒരു 'നോളജ് സൂപ്പർ പവർ' ആക്കുന്നതിനൊപ്പം ലോകത്തിന്റെ 'സ്കിൽ ക്യാപിറ്റൽ' ആയി ഉയർത്തുക എന്നതും രാജ്യത്തിൻറെ മുൻഗണനയാണെന്നും രാഷ്ട്രപതി വ്യക്തമാക്കി.
(വോയിസ്).

# REV. PM- TEACHERS DAY (intro)

വിദ്യാർത്ഥികളുടെ ജീവിതം രൂപപ്പെടുത്തുന്നതിനൊപ്പം അവരുടെ ബാല്യം സംരക്ഷിക്കുന്നതിലും അധ്യാപകർ സുപ്രധാന പങ്ക് വഹിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ദേശീയ അധ്യാപക അവാർഡ് ജേതാക്കളുമായി ന്യൂഡൽഹിയിൽ സംവദിക്കുകയായിരുന്നു അദ്ദേഹം. പാഠ്യപദ്ധതിയിൽ ഒതുങ്ങിനിൽക്കാതെ കുട്ടികളുടെ ജീവിതത്തിന്റെ ഭാഗമാകുമ്പോൾ മാത്രമേ യഥാർത്ഥ മാറ്റം കൊണ്ടുവരാൻ സാധിക്കൂ എന്ന് അധ്യാപകരുമായുള്ള കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി പറഞ്ഞു. അമിതമായ സ്ക്രീൻ ഉപയോഗ ത്തിൽ നിന്ന് കുട്ടികളെ മോചിപ്പിക്കാൻ കായിക വിനോദങ്ങൾ, സർഗ്ഗാത്മക പഠനരീതികൾ എന്നിവ പ്രോത്സാഹിപ്പിക്കണമെന്നും മയക്കുമരുന്ന് ഉപയോഗത്തിനെതിരെ കുട്ടികളിൽ അവബോധം വളർത്തണമെന്നും ശ്രീ

മോദി നിർദ്ദേശിച്ചു.
(ഹോൾഡ്)

## TEACHERS DAY - GREETINGS

ഉപരാഷ്ട്രപതി, ആഭ്യന്തരമന്ത്രി, കേന്ദ്ര വിദ്യാഭ്യാസ മന്ത്രി, ലോക്സഭ സ്പീക്കർ ഓം ബിർള ഉൾപ്പെടെയുള്ള പ്രമുഖർ. രാജ്യത്തിന്റെ ഭാവിയുടെ ശിൽപികളായ അധ്യാപകർ, അറിവ് പകർന്നുനൽകിയും മൂല്യങ്ങൾ പരിപോഷിപ്പിച്ചും വികസിത ഭാരതത്തിൻറെ അടിത്തറ പാകിയെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ പറഞ്ഞു. വിദ്യാർത്ഥികളെ അറിവ് നേടുന്നതിൽ വഴികാട്ടുകയും രാജ്യത്തിൻറെ പുരോഗതിക്ക് സംഭാവന നൽകുകയും ചെയ്യുന്ന അധ്യാപകർക്ക് ആഭ്യന്തരമന്ത്രി അമിത് ഷാ ആശംസകൾ അറിയിച്ചു. അധ്യാപകർ, വിദ്യാർത്ഥികളുടെ ഭാവിയെ അറിവ്, കഴിവുകൾ, ആത്മവിശ്വാസം എന്നിവയാൽ ശാക്തീകരിക്കുന്നുവെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൾഹാദ് ജോഷി പറഞ്ഞു.

## PM-SRCC

ന്യൂഡൽഹിയിലെ ശ്രീറാം കോളേജ് ഓഫ് കൊമേഴ്സിൻറെ ശതാബ്ദി ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. രാത്രി 7 മണിക്ക് നടക്കുന്ന പരിപാടിയെ അദ്ദേഹം അഭിസംബോധന ചെയ്യും. അധ്യാപക ദിനാഘോഷങ്ങളും ഇതിൻറെ ഭാഗമായി നടക്കും. ഡൽഹി സർവ്വകലാശാലയ്ക്ക് കീഴിലുള്ള ശ്രീ റാം കോളേജ് ഓഫ് കൊമേഴ്സ് 1926 ലാണ് സ്ഥാപിതമായത്.

## REV. NEPAL-INDIAN EVACUEES

നേപ്പാളിലെ പ്രളയബാധിത പ്രദേശത്തുനിന്ന് ഒരു കുട്ടി ഉൾപ്പെടെ മൂന്നുപേരെക്കൂടി രക്ഷപ്പെടുത്തിയതോടെ ആകെ രക്ഷപ്പെടുത്തിയ ഇന്ത്യക്കാരുടെ എണ്ണം 169 ആയി. 275 ഇന്ത്യക്കാരെ ഇനിയും കണ്ടെത്താനുണ്ടെന്നും ബെയ്‌ലി പാലങ്ങൾ ഉൾപ്പെടെ കൂടുതൽ ദുരിതാശ്വാസ സാമഗ്രികൾ ഉടൻ നേപ്പാളിലെത്തിക്കുമെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു. അതിനിടെ നേപ്പാളിൽ പ്രളയത്തിലും മണ്ണിടിച്ചിലിലും മരിച്ചവരുടെ

ആകെ എണ്ണം 1340 കടന്നു; അയ്യായിരത്തോളം പേർക്കായി തിരച്ചിൽ തുടരുകയാണ്.

## US-RUSSIA-UKRAINE WAR

റഷ്യ-ഉക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാനുള്ള പുതിയ സമാധാന പദ്ധതിയുമായി യു.എസ് പ്രതിനിധി സ്റ്റീവ് വിറ്റ്കോഫും ജാറെഡ് കുഷ്നറും മോസ്കോയിലേക്കും കിയീവിലേക്കും തിരിക്കും. യു.എസ് പ്രതിനിധികൾ ആദ്യം മോസ്കോയും തുടർന്ന് ഉക്രെയ്നും സന്ദർശിക്കുമെന്ന് പ്രസിഡന്റ് ഡോണൾഡ് ട്രംപും ഉക്രെയ്ൻ പ്രസിഡന്റ് സെലെൻസ്കിയും സ്ഥിരീകരിച്ചു. വർദ്ധിച്ചുവരുന്ന സൈനിക നാശനഷ്ടങ്ങൾ കണക്കിലെടുത്ത് അടിയന്തരമായി കരാറിലെത്താനാണ് വാഷിംഗ്ടണിൻറെ ശ്രമം. ചർച്ചകൾ നടക്കുന്ന സമയത്ത് വ്യോമാക്രമണങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ റഷ്യയോട് ഉക്രെയ്ൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## MORN JAISHANKAR-RUSSIA-UKRAINE

റഷ്യ-ഉക്രെയ്ൻ യുദ്ധത്തിന് പരിഹാരം കാണാൻ ഇന്ത്യ ഇരുരാജ്യങ്ങളുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ വ്യക്തമാക്കി. പോളണ്ട് ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ റഡോസ്ലാവ് സികോർസ്കിയുമായി വാർസോയിൽ നടത്തിയ ചർച്ചയ്ക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

## GOVT-ISO TANK

ഐ.എസ്.ഒ. ടാങ്ക് കണ്ടെയ്നറുകളിൽ പെട്രോളിയം ഇറക്കുമതി ചെയ്യാനും കൊണ്ടുപോകാനുമുള്ള അനുമതി കാലാവധി മൂന്ന് വർഷമാക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. കൃത്യമായ അപേക്ഷ സമർപ്പിച്ചാൽ ഏഴ് ദിവസത്തിനകം അനുമതി ലഭിക്കുന്ന സംവിധാനവും 'പെട്രോളിയം ഭേദഗതി ചട്ടങ്ങൾ 2026' കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തീരുമാനത്തിൽ പൊതുജനങ്ങൾക്ക് 30 ദിവസത്തിനകം അഭിപ്രായങ്ങൾ അറിയിക്കാം.

## CRICKET-WOMENS ASIA CUP

വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം. മുൻ മത്സരങ്ങളിൽ തായ്‌ലൻഡിനെയും ഹോങ്കോങ്ങി നെയും പരാജയപ്പെടുത്തിയ ഇന്ത്യ ഇതിനകം സെമിഫൈനൽ യോഗ്യത ഉറപ്പാക്കിയിട്ടുണ്ട്. ഇന്നലെ രാത്രി നടന്ന മത്സരത്തിൽ ആതിഥേയരായ യുഎഇ ആറ് വിക്കറ്റിന് ഇന്തോനേഷ്യയെ പരാജയപ്പെടുത്തി.

## SHOOTING CAMP-BHOPAL

ജപ്പാനിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിന് മുന്നോടിയായി ഇന്ത്യൻ ഷൂട്ടിംഗ് ടീമിന്റെ അവസാന പരിശീലന ക്യാംപ് ഭോപ്പാലിൽ ആരംഭിച്ചു. മനു ഭാക്കർ, ഈഷാ സിങ് ഉൾപ്പെടെ 18 അംഗ സംഘമാണ് ക്യാംപിലുള്ളത്. ഷൂട്ടിംഗ് മികവും കായികക്ഷമതയും വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്ന ക്യാംപ് ഈ മാസം 14-ന് അവസാനിക്കും; തുടർന്ന് ടീം ജപ്പാനിലേക്ക് തിരിക്കും.

## ACCIDENT – THRISSUR

തൃശ്ശൂർ കയ്പമംഗലത്ത് ദേശീയ പാതയിൽ നിർത്തിയിട്ട ലോറിയിൽ കാറിടിച്ചുണ്ടായ അപകടത്തിൽ എട്ട് മരണം. ഇന്നലെ അർധരാത്രി യായിരുന്നു അപകടം. മരിച്ചവരിൽ തിരിച്ചറിഞ്ഞ 5 പേർ ഡിണ്ടിഗൽ പി.എസ്.എൻ എൻജിനിയറിങ് കോളേജ് വിദ്യാർഥികളാണ്. മൃതദേഹങ്ങൾ പോസ്റ്റ് മോർട്ടം നടപടികൾക്ക് ശേഷം സ്വദേശത്തേക്ക് കൊണ്ടുപോകും. ദേശീയപാത പ്രോജക്ട് ഡയറക്ടറോട് ജില്ലാ കളക്ടർ വിശദീകരണം തേടി.

## S JAISHANKAR-UN ADDRESS (INTRO)

ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയുടെ വാർഷിക ഉന്നതതല സമ്മേളനത്തെ ഈ മാസം 26-ന് കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ അഭിസംബോധന ചെയ്യും.
വിശദാംശങ്ങളിലേക്ക് ...

(VOICE)

ഈ മാസം 22 മുതൽ 28 വരെ നടക്കുന്ന പൊതുചർച്ചയിലാണ് ഇന്ത്യയുടെ നിലപാട് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ വ്യക്തമാക്കുക. ഹോർമൂസ് കടലിടുക്കിലെ തടസ്സങ്ങൾ മൂലമുള്ള ഇന്ധന-ഭക്ഷ്യ വിലക്കയറ്റവും ആഗോള

ഭൗമ രാഷ്ട്രീയ സംഘർഷങ്ങളും വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിലാണ് ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയുടെ വാർഷിക ഉന്നതതല സമ്മേളനം നടക്കുന്നത്. സമുദ്രനിരപ്പ് ഉയരൽ, കാലാവസ്ഥാ വ്യതിയാനം, ആണവായുധ നിർമാർജനം, മഹാമാരി പ്രതിരോധം തുടങ്ങിയ വിഷയങ്ങളും സമ്മേളനം ചർച്ച ചെയ്യും. നിലവിലെ യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസിന്റെ അവസാന അസംബ്ലി സമ്മേളനമാണിത്.

ന്യൂസ് ഡെസ്ക് ആകാശവാണി..

# ACCIDENT – THRISSUR

തൃശ്ശൂർ കയ്പമംഗലത്ത് ദേശീയ പാതയിൽ നിർത്തിയിട്ട ലോറിയിൽ കാറിടിച്ചുണ്ടായ അപകടത്തിൽ എട്ട് മരണം. ഇന്നലെ അർധരാത്രി യായിരുന്നു അപകടം. മരിച്ചവരിൽ തിരിച്ചറിഞ്ഞ 5 പേർ ഡിണ്ടിഗൽ പി.എസ്.എൻ എൻജിനിയറിങ് കോളേജ് വിദ്യാർഥികളാണ്. മൃതദേഹങ്ങൾ പോസ്റ്റ് മോർട്ടം നടപടികൾക്ക് ശേഷം സ്വദേശത്തേക്ക് കൊണ്ടു പോകും. ദേശീയപാത പ്രോജക്ട് ഡയറക്ടറോട് ജില്ലാ കളക്ടർ വിശദീകരണം തേടി.

# YADAV - VULTURE AWARENESS

അന്താരാഷ്ട്ര കഴുകൻ അവബോധ ദിനത്തിൽ ജീവജാലങ്ങളുടെയും പരിസ്ഥിതിയുടെയും സംരക്ഷണത്തിനായി കഴുകൻമാരെ സംരക്ഷിക്കേണ്ട തിന്റെ പ്രാധാന്യം ഓർമ്മിപ്പിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്. കഴുകന്മാർ, രോഗങ്ങൾ പടരുന്നത് തടയുന്നതിലും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിലും പ്രധാന പങ്കുവഹിക്കുന്നുണ്ടെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. കഴുകൻമാരുടെ വാസസ്ഥല ങ്ങൾ പുനഃസ്ഥാപിക്കാനും വംശനാശഭീഷണി നേരിടുന്ന ഇവയെ സംരക്ഷി ക്കാനും സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ജനങ്ങൾ ഇതിനായി മുന്നോട്ടുവരണമെന്നും കേന്ദ്രമന്ത്രി ആവശ്യപ്പെട്ടു.

# VIETNAM -MISS WORLD

മിസ് വേൾഡ് 2026 ഫൈനൽ ഇന്ന് വിയറ്റ്നാമിലെ ന്യാ ട്രാംഗിൽ നടക്കും. 111 രാജ്യങ്ങളിൽ നിന്നുള്ള മത്സരാർത്ഥികളാണ് കിരീടത്തിനായി മാറ്റുരയ്ക്കുന്നത്. നിലവിലെ ജേതാവായ തായ്‌ലൻഡിൻറെ സുചാത ചുവാങ്ശ്രീ പുതിയ

വിജയിക്ക് കിരീടം കൈമാറും. 2024-ലെ ഫെമിന മിസ് ഇന്ത്യ വേൾഡും മധ്യപ്രദേശ് സ്വദേശിയുമായ നികിത പോർവാളാണ് ഇന്ത്യയെ പ്രതിനിധീകരിക്കുന്നത്.

## UN-BALOCHISTAN

പാകിസ്ഥാനിലെ ബലൂചിസ്ഥാനിൽ കാണാതായ ബലൂച് വിദ്യാർത്ഥി ഇമ്രാൻ അലി കൊല്ലപ്പെട്ട സംഭവത്തിൽ യു.എൻ മനുഷ്യാവകാശ വിദഗ്ധർ കടുത്ത ആശങ്ക രേഖപ്പെടുത്തി. കസ്റ്റഡിയിലെടുത്തതിന് ശേഷമുണ്ടായ മർദ്ദനത്തെയും കൊലപാതകത്തെയും കുറിച്ച് സ്വതന്ത്ര അന്വേഷണം നടത്തണമെന്ന് യു.എൻ പാകിസ്ഥാനോട് ആവശ്യപ്പെട്ടു. കഴിഞ്ഞ വർഷം ഭീകരവിരുദ്ധ സേന കസ്റ്റഡിയിലെടുത്ത ഇമ്രാൻ അലിയെ മെയ് മാസത്തിൽ ഏറ്റുമുട്ടലിൽ വധിച്ചതായി പോലീസ് സ്ഥിരീകരിക്കുകയായിരുന്നു.